©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
### അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram,<br>Friday<br>തിരുവനന്തപുരം,<br>വെള്ളി | 15th February 2013<br>2013 ഫെബ്രുവരി 15<br>26th Magha 1934<br>1934 മാഘം 26 | No.<br>നമ്പർ 458 |

## മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടറേറ്റ്

### വിജ്ഞാപനം

നമ്പർ വിജി(1)19161/2012. *2013 ജനുവരി 29.*

2012-ലെ കേരള സംസ്ഥാന സേവന അവകാശ നിയമം (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് ഡയറക്ടർ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള സേവനം പ്രദാനം ചെയ്യുന്നതിനായും അത്തരം സേവനങ്ങൾ സംബന്ധിച്ച് നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവയുൾപ്പെടെ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/783/2013/DTP.

# മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്

## സേവനാവകാശ നിയമം—ഉൾക്കൊള്ളിക്കാവുന്ന സേവനങ്ങൾ

**ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ**

| *ക്രമ നമ്പർ* | *സേവനങ്ങൾ* | *നിശ്ചിത സമയപരിധി* | *നിയുക്ത ഉദ്യോഗസ്ഥൻ* | *ഒന്നാം അപ്പീൽ അധികാരി* | *രണ്ടാം അപ്പീൽ അധികാരി* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പ് | | | | |
| | (എ) കർഷകരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് വർക്ക് ഓർഡർ നൽകൽ | 7 ദിവസം | മണ്ണ് സംരക്ഷണ ഓവർസീയർ | മണ്ണ് സംരക്ഷണ ആഫീസർ | ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ |
| | (ബി) മണ്ണ് സംരക്ഷണ പ്രവൃത്തികൾ അളന്ന് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തൽ | 10 ദിവസം | മണ്ണ് സംരക്ഷണ ഓവർസീയർ | മണ്ണ് സംരക്ഷണ ആഫീസർ | ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ |
| | (സി) ബില്ല് തയ്യാറാക്കി ഗുണഭോക്താക്കൾക്ക് തുക മാറി നൽകൽ | 10 ദിവസം | മണ്ണ് സംരക്ഷണ ആഫീസർ | ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ | ഡെപ്യൂട്ടി ഡയറക്ടർ, മണ്ണ് സംരക്ഷണം (HQ) |
| 2 | സൂക്ഷ്മ നീർത്തട ഭൂപടങ്ങളുടെ ലഭ്യമാക്കൽ (ഫീൽഡ് പരിശോധന ഉൾപ്പെടെ) | 30 ദിവസം | മണ്ണ് പര്യവേഷണ ആഫീസർ | ജില്ലാ മണ്ണ് പര്യവേഷണ ആഫീസർ (അസിസ്റ്റന്റ് ഡയറക്ടർ, മണ്ണ് പര്യവേഷണം) | റീജിയണൽ മണ്ണ് പര്യവേഷണ ഡെപ്യൂട്ടി ഡയറക്ടർ |
| 3 | മണ്ണ് ഭൂവിഭവ റിപ്പോർട്ടുകളുടെയും ഭൂപടങ്ങളുടെയും ലഭ്യമാക്കൽ | 30 ദിവസം (ലഭ്യതയനുസരിച്ച്) | മണ്ണ് പര്യവേഷണ ആഫീസർ | ജില്ലാ മണ്ണ് പര്യവേഷണ ആഫീസർ (അസിസ്റ്റന്റ് ഡയറക്ടർ, സോയിൽ സർവ്വേ) | റീജിയണൽ മണ്ണ് പര്യവേഷണ ഡെപ്യൂട്ടി ഡയറക്ടർ |
| 4 | (എ) കർഷകർ സോയിൽ അനലിറ്റിക്കൽ ലാബിൽ എത്തിക്കുന്ന മണ്ണ് സാമ്പിളുകൾക്കുള്ള സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കൽ | 14 ദിവസം | റിസർച്ച് അസിസ്റ്റന്റ് | സീനിയർ കെമിസ്റ്റ് | പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റ് |

ഡോ. പി. എൻ. പ്രേമചന്ദ്രൻ,
*ഡയറക്ടർ,*
*മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്,*
*തിരുവനന്തപുരം-14.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവന അവകാശം ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വകുപ്പ് മേധാവികളെ അധികാരപ്പെടുത്തുന്നു. അതനുസരിച്ച് മണ്ണ് പര്യവേഷണ സംരക്ഷണ ഡയറക്ടർ സേവനങ്ങൾ, സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.